LIBRARY ARCHIVES Kerala Legislative Assembly

കരുണാ എസ്റ്റേറ്റ് (പോബ്സ് ഗ്രൂപ്പ്)ന്റെ കൈവശം വനഭൂമി

274 (3908) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാംപതിയിലെ കരുണാ എസ്റ്റേറ്റ് (പോബ്സ് ഗ്രൂപ്പ്)-ന്റെ കൈവശമുള്ള വനഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഭൂമി ഏറ്റെടുത്തു ;

(ബി) ഇവരുടെ കൈവശമുള്ള ഭൂമിയുടെ പാട്ട കാലാവധി എന്നാണ് അവസാനിച്ചത് ; ഇതിനെ തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചത് ?

ഉത്തരം

(എ) കരുണാ എസ്റ്റേറ്റിൽപ്പെട്ട 36.3544 ഹെക്ടർ സ്ഥലം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടതാണ് എന്ന ഹൈക്കോടതിയുടെ എം.എഫ്.എ. 106/90, 574/89 എന്നീ കേസുകളിലെ വിധിയുടെ വെളിച്ചത്തിൽ വനംവകുപ്പ് ഏറ്റെടുത്ത് വനമായി സംരക്ഷിച്ചുവരുന്നുണ്ട്. കൂടാതെ ഇ.എഫ്.എൽ. ആക്ട് പ്രകാരം ടി എസ്റ്റേറ്റിൽനിന്നും 5.5 ഹെക്ടർ ഇ.എഫ്.എൽ. ഭൂമിയും ഏറ്റെടുത്ത് സംരക്ഷിച്ചുവരുന്നുണ്ട്.

(ബി) കരുണാ എസ്റ്റേറ്റിന്റെ കൈവശമുള്ള ഭൂമിയ്ക്ക് സർക്കാരുമായി യാതൊരുവിധ പാട്ടക്കരാറും മുമ്പുണ്ടായിരുന്നില്ല.

വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട കേസുകൾ

275 (3909) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ; സംസ്ഥാനത്ത് ആകെ വനവിസ്തൃതി എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

സംസ്ഥാനത്തെ വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് 1189 കേസുകൾ നിലവിലുണ്ട്. സംസ്ഥാനത്തെ ആകെ വനവിസ്തൃതി 11309.4754 ച.കി. ആണ്.